## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 105 14.06.2012 ൽ -മറുപടിക്ക്

**<u>റേഷൻ കടകൾ വഴിയുള്ള മണ്ണെണ്ണ വിതരണം</u>**

| | ചോദ്യം<br>ശ്രീ. എസ്. ശർമ്മ<br>,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, സി. കെ. സദാശിവൻ<br>,, ബി. ഡി. ദേവസ്സി | | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | റേഷൻ കടകൾ വഴി മണ്ണെണ്ണ ലഭിക്കുവാൻ കാർഡ് ഉടമകൾക്ക് ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണമെന്ന നിർദ്ദേശം നിലവിലുണ്ടോ; ഇക്കാര്യത്തിലുള്ള കേന്ദ്രസർക്കാർ തീരുമാനം എന്തായിരുന്നു; സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകളിൽ എത്ര പേർക്ക് ഈ നിർദ്ദേശം ബാധകമാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | പി.ഡി.എസ് മണ്ണെണ്ണ വിതരണം സുതാര്യമാക്കുന്നതിലേക്കായി സബ്സിഡി തുക റേഷൻ ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് നിക്ഷേപിക്കുന്ന ഒരു പദ്ധതി ആരംഭിക്കാൻ കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സർക്കാർ സന്നദ്ധത അറിയിച്ചിരുന്നു. ഇതിനായി എല്ലാ റേഷൻ കാർഡ് ഉടമകൾക്കും പിഡിഎസ് മണ്ണെണ്ണയുടെ മറ്റു ഉപഭോക്താക്കൾക്കും ബാങ്കിൽ അക്കൗണ്ട് ആവശ്യമാണ്. |
| (ബി) | റേഷൻ കാർഡ് ഉടമകൾക്ക് ഇതുണ്ടാക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് പരിഗണിച്ചിട്ടുണ്ടോ; | (ബി) | റേഷൻ കാർഡുടമകൾക്ക് ഇതുണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് പരാതികൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഇപ്പോൾ റേഷൻ കടകൾ വഴി എത്ര അളവിലാണ് മണ്ണെണ്ണ വിതരണം ചെയ്യുന്നതെന്നും അതിന്റെ നിരക്ക് എത്രയാണെന്നും വിശദമാക്കാമോ; സബ്സിഡി ബാങ്കുകൾ വഴിയാക്കുമ്പോൾ ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് റേഷൻ കടയിൽ കൊടുക്കേണ്ടിവരുന്ന തുക എത്രയായിരിക്കും; | (സി) | റേഷൻ കടകൾ വഴി നിലവിൽ ഇ-കാർഡിന് ഒരു ലിറ്റർ വീതവും എൻ.ഇ.-കാർഡിന് നാലു ലിറ്റർ വീതവും ലിറ്ററിന് 14.50 മുതൽ 15 രൂപ നിരക്കിൽ വിതരണം നടത്തിവരുന്നു. ഇതുകൂടാതെ മത്സ്യബന്ധന പെർമിറ്റുകൾക്ക് 2525 കി.ലിറ്ററും എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റുകൾക്ക് 31 കി. ലിറ്ററും വീതവും വിതരണം നടത്തിവരുന്നു. പുതിയ പദ്ധതി നിലവിൽ വന്നാൽ ഉപഭോക്താക്കൾ മണ്ണെണ്ണയ്ക്ക് കമ്പോള നിരക്കിലുള്ള വില (ഇപ്പോൾ ലിറ്ററിന് 62 രൂപ) നൽകേണ്ടതാണ്. അതേ സമയം തന്നെ കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കുന്ന സബ്സിഡി തുക (നിലവിൽ ഏകദേശം 47 രൂപ) ഉപഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ട് വഴി ലഭിക്കുന്നതാണ്. |
| (ഡി) | സംസ്ഥാനത്ത് മണ്ണെണ്ണയുടെ യഥാർത്ഥത്തിലുള്ള ആവശ്യവും ലഭ്യതയും തമ്മിലുള്ള വ്യത്യാസം വിശദമാക്കാമോ ? | (ഡി) | സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകൾക്കും പെർമിറ്റ് ഉടമകൾക്കും നേരത്തെ നൽകിയിരുന്ന അളവിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് പ്രതിമാസം 22541.47 കി. ലിറ്റർ മണ്ണെണ്ണ വേണ്ടി വരും. നിലവിൽ പ്രതിമാസം 10016 കി.ലിറ്റർ മണ്ണെണ്ണയാണ് കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്നത്. ആവശ്യകതയും ലഭ്യതയും തമ്മിൽ 12525.47 കി.ലിറ്ററിന്റെ വ്യത്യാസം നിലനിൽക്കുന്നു. കേരള സർക്കാരിന്റെ ഇടപെടൽ മൂലം 2012 ജൂൺ മാസത്തിൽ അവസാനിക്കുന്ന ത്രൈമാസത്തിലേയ്ക്ക് 5004 കി.ലിറ്റർ കേന്ദ്ര സർക്കാർ അധികമായി അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ